ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റിലെ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (ടി.ആർ.ഡി.എം.മുഖേന) എന്ന ശീർഷകത്തിൽ നിന്നുമാണ് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് തുക അനുവദിക്കുന്നത് നടപ്പാക്കുന്നത്. ഇത് "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതിയിലൂടെയാണ് നടപ്പിലാക്കുന്നത്. 2013-14 സാമ്പത്തികവർഷം ആരംഭിച്ച ടി പദ്ധതിയുടെ 2013-14,2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ, വർഷത്തിൽ 20 കോടി രൂപ വീതം ആകെ 60 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) ടി തുക പര്യാപ്തമായിരുന്നില്ല.

(സി) ഉപയുക്തമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നിലവിൽ 9208 ഭൂരഹിതരായ ആദിവാസികൾ ഉണ്ട്.

വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ

246 (631) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കുടിശ്ശികയായുള്ള വായ്പ എഴുതിതള്ളുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) കടം എഴുതിത്തള്ളുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവിൽ ഭവനനിർമ്മാണത്തിനായി എടുത്ത വായ്പകൾ എഴുതി തള്ളുന്നതിന് നടപടിയുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഭവനനിർമ്മാണ വായ്പകൾകൂടി ഒഴിവാക്കുന്നതിനുള്ള പരിഷ്കരിച്ച ഉത്തരവ് പുറത്തിറക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-10-2015 തീയതിയിലെ സ.ഉ.(അ)നമ്പർ 71/2015/പജപവവിവ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01-04-2014-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിതള്ളുന്ന പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ യഥാർത്ഥ ബാധ്യതാ വിവരങ്ങൾ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദ്രുതഗതിയിൽ ശേഖരിച്ചു വരികയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

30-03-2015-തീയതിയിലെ സ.ഉ.(അ) നമ്പർ 24/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2010 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളുടെ ഒരു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യത എഴുതിത്തള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയിൽ തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ടും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 2225-80-190-94-NP എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 40 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന ലഭ്യമായിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ കൃത്യമായ വായ്പാ വിവരങ്ങൾ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത പ്രൊഫോർമയിൽ ലഭിക്കാനുള്ള കാലതാമസം മാത്രമാണുള്ളത്.

(സി) പട്ടികവർഗ്ഗക്കാരുടെ കൃത്യമായ വായ്പ എഴുതിത്തള്ളു ന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാ വിവരങ്ങൾ ലഭ്യമാകുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ സഹകരണത്തോടെ വായ്പാ വിവരങ്ങൾ ശേഖരിച്ചു പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പട്ടികജാതി വിഭാഗക്കാരുടെ 31-03-2010 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ, സഹകരണ സ്ഥാപനങ്ങളിലെയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെയും കുടിശ്ശികയായിട്ടുള്ള വായ്പകളും 30-03-2015 -ലെ സ.ഉ. (അ) നമ്പർ 24/15/പജപവവിവ നമ്പർ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്. എന്നാൽ പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളുന്ന വായ്പകളിൽ ഉൾപ്പെട്ടിട്ടില്ല.

(ഇ) 14-05-2015- തീയതിയിലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 36/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ഗ്രാന്റായി മൂന്നരലക്ഷം രൂപ നൽകി വരുന്നതിനാൽ പട്ടികവർഗ്ഗക്കാർ ഭവന നിർമ്മാണത്തിനായി എടുത്ത വായ്പകൾ എഴുതിത്തള്ളുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മിശ്രവിവാഹിതരാകുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സഹായം

247 (632) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നു വരാൻ വേണ്ട എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) മിശ്രവിവാഹിതരാകുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജീവിതത്തിൽ നേരിടേണ്ടിവരുന്ന സാമൂഹ്യ വെല്ലുവിളികളിൽ അവരെ സഹായിക്കുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly